(സി) കൃഷി വകുപ്പിൽ ലഭ്യമല്ല.

(ഡി) നെൽ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് താഴെപ്പറയുന്ന നെൽകൃഷി വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

- സുസ്ഥിര നെൽകൃഷി വികസനം.
- വികസന ഏജൻസികൾക്കുള്ള ഫണ്ട്.
- പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം
- പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം

കോൾ മേഖലയിലെ കോൾ കർഷകർക്ക് അവരുടെ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നതിനും പ്രദേശിക അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമായി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ സമഗ്ര കോൾ വികസന ഏജൻസി നിലവിലുണ്ട്.

(ഇ) കൃഷിയിറക്കുന്ന സ്ഥലവിസ്തൃതിയുടെ അളവ് അനുസരിച്ച് കർഷകർക്ക് ഉൽപ്പാദന ബോണസ് ഹെക്ടറിന് 1,000 രൂപ നിരക്കിൽ അനുവദിക്കുന്നുണ്ട്. ഈ ആനുകൂല്യം ചെറുകിട നാമമാത്ര കർഷകർക്ക് മാത്രമേ ലഭ്യമാവുകയുള്ളൂ.

വാഴക്കർഷകരുടെ നഷ്ടപരിഹാര തുക

205 (1575) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രകൃതിക്ഷോഭംമൂലം വിളവെടുപ്പ് ആകുമ്പോഴേക്കും വാഴകൾ ഒടിഞ്ഞു വീണ് വാഴകൃഷി ചെയ്യുന്ന കർഷകർക്ക് ഭീമമായ നഷ്ടം ഉണ്ടാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, പ്രസ്തുത കർഷകർക്ക് സർക്കാരിൽനിന്നും ലഭിക്കുന്ന നഷ്ടപരിഹാരം വളരെ അപര്യാപ്തമാണെന്നകാര്യം അറിയുമോ ;

(സി) ഇത്തരത്തിൽ നഷ്ടം ഉണ്ടാകുന്ന കർഷകർക്ക് വളരെ മെച്ചപ്പെട്ട രീതിയിൽ നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് വാഴ ഉൾപ്പെടെ 27 വിളകൾക്ക് 11-6-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം നിശ്ചയിച്ചിരിക്കുന്ന നിരക്കിലാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകിവന്നിരുന്നത്. അതായു കാലത്ത് കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് SRDF-ൽ നിന്ന ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്രസർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-9-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ 343/2012/ഡി.എം.ഡി. ഉത്തരവിന്റെ പരിധിയിൽനിന്ന് സ.ഉ.(എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് അതിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ധനസഹായം ലഭിക്കു മായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്രസർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 470/2013/ഡിഎം.ഡി. ഉത്തരവിലും ഇതേ രീതിയിൽ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും മേൽപ്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്കു ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

റബ്ബർ വിലയിടിവ് നേരിടാൻ നടപടി

206 (1576) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) റബ്ബർ വിലയിടിവുമൂലം കഷ്ടത അനുഭവിക്കുന്ന കർഷകരുടെ വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിനായി ജി. ഒ. (എംഎസ്.) നമ്പർ 56/14/കൃഷി ഉത്തരവു പ്രകാരം എത്ര ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട് ; റബ്ബർ സംഭരണത്തിനായി ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?